(എഫ്) ഇതുവരെ 35 ലക്ഷം രൂപ ചെലവായി.

(ജി) കേന്ദ്രവിഹിതം 35,79,000 രൂപയാണ്. (ഇതിൽ 15 ലക്ഷം രൂപ ആദ്യ ഗഡുവായി ലഭിച്ചിട്ടുണ്ട്). സംസ്ഥാന വിഹിതം 14,17,000 രൂപയാണ്.

നിയമനം നടത്തുന്നതിലെ അപാകതകൾ

136 (139) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമവകുപ്പിൽ ഡിപ്പാർട്ടുമെന്റ് കാട്ടയിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം നടത്തേണ്ട റാങ്ക് ലിസ്റ്റിൽ നിന്നും അവസാനമായി നിയമനം നടത്തിയത് എന്നാണ് ;

(ബി) അതിനുശേഷം ഈ വിഭാഗത്തിൽ നിന്നും യോഗ്യതയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കാനായി ഏത് തീയതികളിലാണ് അപേക്ഷ ക്ഷണിച്ചത്. സെക്രട്ടേറിയറ്റ് കാറ്റഗറിയിൽ നിന്നും മറ്റു വകുപ്പുകളിൽ നിന്നും എത്രപേർ അപേക്ഷിച്ചു.

(സി) ഇതിൻ പ്രകാരം മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയോ ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ ;

(ഡി) നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്തുമ്പോൾ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ പ്രകാരമുള്ള റേഷ്യോ റൊട്ടേഷൻ പ്രകാരമേ ഭാവിയിൽ നിയമനം നടത്താവൂ എന്ന് കോടതി നിർദ്ദേശമുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത റൂൾസിൽ പ്രതിപാദിച്ചിട്ടുള്ളത് പോലെയാണോ നിയമനം നടത്തിയിരിക്കുന്നത് ;

(എഫ്) സെക്രട്ടേറിയറ്റ്/മറ്റിതര വകുപ്പുകളിൽ നിന്നുമുള്ളവരുടെ റൊട്ടേഷൻ സീറ്റുകളിൽ എങ്ങനെയാണ് നിയമനം നടത്തിയത് ;

(ജി) ഈ വിഭാഗങ്ങളിൽ നിന്നും യോഗ്യരായവരുടെ അപേക്ഷകൾ ലഭിച്ചിരുന്നോ ; യോഗ്യരായ അപേക്ഷകരുണ്ടായിരുന്നിട്ടും ഇവർക്ക് അർഹതപ്പെട്ട റൊട്ടേഷൻ തസ്തികകളിൽ മറ്റു തരത്തിൽ നിയമനം നടത്തിയിട്ടുണ്ടോ ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(എച്ച്) ഇപ്രകാരം ഡിപ്പാർട്ടുമെന്റ് കാറ്റഗറിയിൽ നിന്നും നിയമനം നടത്തേണ്ട എത്ര ഒഴിവുകൾ മറ്റു വിഭാഗക്കാർക്കു നൽകിയിട്ടുണ്ട് ;

(ഐ) സർവ്വീസിലുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കാനും അർഹതപ്പെട്ട അപേക്ഷകരുണ്ടായിട്ടും അവരുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കാൻ വൈകുന്നതുമൂലം നഷ്ടപ്പെടാൻ സാദ്ധ്യതയുള്ള അവസരങ്ങൾ തിരിച്ചു ലഭിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിയമവകുപ്പിൽ ഡിപ്പാർട്ടുമെന്റ് കാട്ടയിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് അവസാനമായി നിയമനം നടത്തിയത് 3-10-1998-ലെ ജി.ഒ.(എം.എസ്.) നം. 433/98/ലാ എന്ന ഉത്തരവ് പ്രകാരം ആണ്.

(ബി) നിയമവകുപ്പിൽ തസ്തികമാറ്റം വഴി ലീഗൽ അസിസ്റ്റന്റ് നിയമനത്തിന് ആദ്യം സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ മാത്രമുള്ളവർക്കായി 22-7-1997 ലെ വിജ്ഞാപന പ്രകാരവും അതിനുശേഷം സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിലുള്ളവർക്കും സർക്കാർ സർവ്വീസിലെ വിവിധ വകുപ്പുകളിലുള്ളവർക്കും ഒരുമിച്ച് 3-2-1998ലെ വിജ്ഞാനപ്രകാരവും അപേക്ഷ ക്ഷണിച്ചു. സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ നിന്നും 22 അപേക്ഷകൾ ലഭിച്ചു. സംസ്ഥാന സർവീസിലെ മറ്റു വകുപ്പുകളും ഹൈക്കോടതി ജീവനക്കാരും ഉൾപ്പെടുന്ന നോൺ സെക്രട്ടേറിയറ്റ് വിഭാഗത്തിൽ നിന്നും 197 അപേക്ഷകൾ ലഭിച്ചു.

(സി) മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള ചുമതല ഐ.എം.ജി.യെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഐ.എം.ജി നടത്താനിരുന്ന എഴുത്തുപരീക്ഷ ബഹുമാനപ്പെട്ട ഹൈക്കോടതി 14-7-1999-ൽ സ്റ്റേ ചെയ്തിരുന്നു. സ്റ്റേ 31-8-1999-ൽ ഒഴിവാക്കി. 26-3-2000-ൽ ടെസ്റ്റ് നടത്താൻ ഐ.എം.ജി. തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്.

(ഡി) നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്തുമ്പോൾ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ പ്രകാരമുള്ള റേഷ്യോ റൊട്ടേഷൻ പ്രകാരമേ ഭാവിയിൽ നിയമനം നടത്താവൂ എന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട് ; അതിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി വച്ചിട്ടുണ്ട്*.

(ഇ) പ്രസ്തുത റൂൾസിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെയാണ് നിയമനം നടത്തിയിട്ടുള്ളത്.

(എഫ്) സെക്രട്ടേറിയറ്റ്/മറ്റിതര വകുപ്പുകൾ എന്നിവയിൽ നിന്നുമുള്ളവരുടെ റൊട്ടേഷൻ സീറ്റുകളിൽ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമാണ് നിയമനം നടത്തിയിട്ടുള്ളത്.

(ജി) വിജ്ഞാപന പ്രകാരം അപേക്ഷ ക്ഷണിച്ചപ്പോൾ യോഗ്യരായവരുടെ അപേക്ഷ ലഭിച്ചിരുന്നു. യോഗ്യതയുള്ളവരുടെ ലിസ്റ്റിൽ നിന്നും, ഒരു എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നുമാണ് നിയമനം നടത്തിയിട്ടുള്ളത് അപ്രകാരമുള്ള ലിസ്റ്റുകളിൽ നിന്ന് ചട്ടപ്രകാരമുള്ള റൊട്ടേഷൻ വ്യവസ്ഥയിൽ മാത്രമേ നിയമിച്ചിട്ടുള്ളൂ. സെക്രട്ടേറിയറ്റ് കാട്ടയിലുള്ള ലിസ്റ്റിൽ ആളില്ലാത്തപ്പോൾ മറ്റു വകുപ്പുകൾക്കുള്ള ലിസ്റ്റിൽ നിന്നും സെക്രട്ടേറിയറ്റ് കാട്ടയിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എച്ച്) നിയമവകുപ്പ് തുടങ്ങിയതു മുതൽ ഇപ്രകാരം ഡിപ്പാർട്ട്മെന്റ് കാറ്റഗറിയിൽ നിന്നും നിയമനം നടത്തേണ്ട എത്ര ഒഴിവുകൾ മറ്റു വിഭാഗക്കാർക്ക് നൽകിയിട്ടുണ്ടെന്ന് കണക്കാക്കാൻ കഴിയുകയില്ല.

(ഐ) നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സർക്കാർ ആശുപത്രികളിലെ പ്രവർത്തനക്ഷമമല്ലാത്ത ഉപകരണങ്ങൾ

137 (140) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. എ. അലി ഹസ്സൻ:
ശ്രീ.എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും പ്രവർത്തനക്ഷമമല്ലാത്ത ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) പ്രവർത്തനക്ഷമമല്ലാതായിട്ടുള്ള ആശുപത്രി ഉപകരണങ്ങൾ എത്ര എന്നും അവ ഏതൊക്കെ എന്നും തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രവർത്തനക്ഷമമല്ലാതായി തീർന്ന ഉപകരണങ്ങൾ യഥാസമയം റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കാൻ പലപ്പോഴും കഴിയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ പ്രവണത അവസാനിപ്പിക്കാൻ സ്വീകരിച്ച നടപടിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ആരോഗ്യവകുപ്പിന്റെ കീഴിലുള്ള വിവിധ ആശുപത്രികളിൽ കേടായി കിടക്കുന്ന ഉപകരണങ്ങളുടെ വില എത്രയെന്ന് തിട്ടപ്പെടുത്തി അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ആരോഗ്യവകുപ്പിലെ കേടായ ഉപകരണങ്ങൾ ഐ.എച്ച്.ആർ.ഡി.യെ കൊണ്ടാണ് നന്നാക്കിയിരുന്നത്. ഇതുകൂടാതെ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ആശുപത്രി സൂപ്രണ്ടുമാർക്കും അവരവരുടെ സാമ്പത്തിക അധികാരപരിധിക്കകത്തു നിന്നും കൊണ്ട് ഉപകരണങ്ങൾ അതാത് സ്ഥലങ്ങളിലുള്ളവ നന്നാക്കുന്നതിനുള്ള ഭരണപരമായ അനുമതിയും ഫണ്ടും നൽകുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്പെഷ്യൽ റിപ്പയറിംഗ് ക്യാംപുകൾ ഐ.എച്ച്.ആർ.ഡി.യുടെ സഹായത്തോടെ നടത്തുകയും

LIBRARY ARCHIVES Kerala Legislative Assembly